**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** **24-08-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് പേൾ ഹിൽ ബിൽഡേഴ്സ് കെട്ടിട നിർമ്മാണ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാൻഡിന് സമീപത്തുള്ള പേൾ ഹിൽ ബിൽഡേഴ്സ് കെട്ടിട നിർമ്മാണത്തിനായി കെ.എസ്.എഫ്.ഇ.-യിൽ നിന്നും എടുത്ത വായ്പ കുടിശ്ശിക ആയതിനെ തുടർന്ന് ലേലത്തിൽ വിൽക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാന്റിന് സമീപത്തുള്ള പേൾ ഹിൽ ബിൽഡേഴ്സ് കെട്ടിട നിർമ്മാണത്തിനായി കെ.എസ്.എഫ്.ഇ യിൽ നിന്നും വായ്പ എടുത്തിട്ടില്ല. |
| (ബി) | 40.06 സെൻറ് സ്ഥലത്ത് നാല്പത്തി എട്ടായിരത്തി തൊണ്ണൂറ്റി ഏഴ് ചതുരശ്ര അടിയിൽ നിർമ്മിച്ച നാൽപ്പത് കോടി രൂപ മൂല്യമുള്ള പ്രസ്തുത കെട്ടിടം 9.18 കോടി രൂപയ്ക്ക് ലേലത്തിൽ വിറ്റതായി ബിൽഡേഴ്സ് ആൻഡ് ഡയറക്ടർ പരാതി നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബാധകമല്ല. |
| (സി) | 4.89 കോടി രൂപയുടെ ലോണിന്റെ തിരിച്ചടവ് മുടങ്ങിയത് കാരണമാണോ സെന്റിന് എഴുപത്തിയഞ്ച് ലക്ഷം രൂപ വിലവരുന്ന സ്ഥലത്ത് നിൽക്കുന്ന പ്രസ്തുത കെട്ടിടം ലേലത്തിൽ വച്ചതെന്ന് വ്യക്തമാക്കാമോ, പ്രസ്തുത സ്ഥലത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വില എത്രയാണെന്ന് വ്യക്താമാക്കാമോ; | (സി) | ബാധകമല്ല. |
| (ഡി) | ഇത് സംബന്ധിച്ച് അന്നത്തെ മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ളവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ; വിശദമാക്കാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | എങ്കിൽ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാകുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ